24
ജൂലായ് 2021
ശനി
1196 കർക്കടകം 8 1442 ദുൽഹജ്ജ് 13

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 28 •ലക്കം 142 •പേജ് 4 •വില: 5 രൂപ

ബദിയഡുക്കയിൽ നൂറുരൂപ കള്ളനോട്ടുകൾ; വ്യാപാരികളും ജനങ്ങളും ആശങ്കയിൽ

ബദിയഡുക്ക: നൂറുരൂപയുടെ കള്ളനോട്ടുകൾ ബദിയഡുക്കയിൽ വ്യാപകമാവുന്നു.

കോവിഡ് ഇളവുകളെത്തുടർന്നു കമ്പോളം സജീവമായതോടെയാണ് കള്ളനോട്ടുകൾ വ്യാപകമായി മാർക്കറ്റിലെത്തിയത്. വ്യാപാര സ്ഥാപനങ്ങളിൽ തിരക്കനുഭവപ്പെടുമ്പോൾ ഒറ്റനോട്ടത്തിൽ 100 രൂപയെന്നു തോന്നിപ്പിക്കുന്ന കള്ളനോട്ടുകൾ വ്യാപകമായി കൈമാറുകയാണെന്നു വ്യാപാരികൾ പറയുന്നു.

സാധാരണ നോട്ടിനെ വെല്ലുന്ന രീതിയിലാണ് കള്ളനോട്ടുകൾ അച്ചടിച്ചിട്ടുള്ളത്. എന്നാൽ നോട്ടിന്റെ വലതുഭാഗത്തുള്ള വെള്ളയിൽക്കാണുന്ന രാഷ്ട്രപിതാവിന്റെ നിഴൽ ഇതിലില്ല. തിരക്കു സമയത്തും കിട്ടാതിരുന്ന വ്യാപാരം വന്നുകൊണ്ടിരിക്കുമ്പോഴും വ്യാപാരികൾ നോട്ടു നിരീക്ഷിക്കാൻ നിൽക്കുന്നില്ല. സാധനത്തിന്റെ വിലയെടുത്തു ബാക്കി കൊടുക്കുകയാണ് പതിവ്.

ചെറിയ തുകയ്ക്കും മറ്റും സാധനം വാങ്ങിയശേഷം നൂറുരൂപയുടെ കള്ളനോട്ടുകൊടുത്തു ബാക്കി വാങ്ങിമടങ്ങുന്നതിനു കള്ളനോട്ടു സംഘം തന്നെ നിരവധി സബ് ഏജന്റുമാരെ നിയോഗിച്ചിട്ടുള്ളതായും സംശയമുണ്ട്. ഒരേ സമയം ടൗണിലെ പല കടകളിൽ എത്തുന്ന സംഘം ഇത്തരത്തിൽ കള്ളനോട്ട് മാറുകയാണെന്ന് ആശങ്കയുണ്ട്. കോവിഡ്മൂലം വ്യാപാരികളും സാധാരണക്കാരും പ്രതിസന്ധി നേരിടുകൊണ്ടിരിക്കെയാണ് കള്ളനോട്ടു സംഘം രംഗത്തിറങ്ങിയിട്ടുള്ളത്. ഇതു ജനങ്ങളെയും വ്യാപാരികളെയും ആശങ്കയിലാക്കുന്നു. കള്ളനോട്ടു കിട്ടുന്നവർ അതു സംബന്ധിച്ചു പരാതിപ്പെടാനും മടിക്കുകയാണ്. പരാതിപ്പെട്ടാൽ കേസ്തങ്ങൾക്കെതിരെ തിരിയുമെന്ന ഭീതിയാണ് ഇതിനു കാരണമെന്നു പറയുന്നു.

നൂറുരൂപയുടെ കള്ളനോട്ടുകൾ മാത്രമേ കള്ളനോട്ടു സംഘം കൈമാറ്റം ചെയ്യുന്നുള്ളൂ എന്നും സംശയം ഉയർന്നിട്ടുണ്ട്.

ബദിയഡുക്കയിൽ വ്യാപകമായിട്ടുള്ള നൂറുരൂപ കള്ളനോട്ടും ഒറിജിനൽ നോട്ടും കള്ളനോട്ടിൽ രാഷ്ട്രപിതാവിന്റെ രൂപ രേഖ കാണാനില്ല.

കാഞ്ഞങ്ങാട്ടെ കവർച്ചാ പരമ്പര

കുപ്രസിദ്ധമോഷ്ടാവ് വിദ്യാനഗറിൽ പിടിയിൽ

കാസർകോട്: കാഞ്ഞങ്ങാട് നഗരത്തിൽ കവർച്ചാ പരമ്പര നടത്തിയ സംഭവത്തിലെ മുഖ്യപ്രതികളിൽ ഒരാളെന്നു സംശയിക്കുന്ന കുപ്രസിദ്ധമോഷ്ടാവ് പിടിയിൽ. എതിർത്തോട്ടെ മുഹമ്മദ് ഷെരീഫി(35)നെയാണ് വിദ്യാനഗർ പൊലീസ് കസ്റ്റഡിയിലെടുത്തത്. രാത്രികാല പരിശോധന നടത്തുന്നതിനിടയിലാണ് ഷെരീഫ് പിടിയിലായത്. സംശയകരമായ സാഹചര്യത്തിൽ ഓട്ടോ ഓടിച്ചു പോവുകയായിരുന്നു ഇയാളെന്നു പൊലീസ് പറഞ്ഞു.

പ്രതിയിൽ നിന്നു ഏതാനും പുതിയ ഫോണുകളും നിരവധി പഴയ ഫോണുകളും കസ്റ്റഡിയിലെടുത്തു. ഓട്ടോയും പിടിയിലാണ് കാഞ്ഞങ്ങാട് നഗരത്തിൽ കഴിഞ്ഞ ദിവസം നടന്ന കവർച്ചയ്ക്കു പിന്നിൽ ഇയാളാണെന്നു പൊലീസ് പറഞ്ഞു. പ്രതിയെ വിശദമായി ചോദ്യം ചെയ്ത് അറസ്റ്റു രേഖപ്പെടുത്തുന്നതോടെ കൂടുതൽ കവർച്ചകൾക്കു തുമ്പുണ്ടായേക്കുമെന്ന പ്രതീക്ഷയിലാണ് അന്വേഷണം സംഘം. അതേ സമയം മുഹമ്മദ് ഷെരീഫ് ഉൾപ്പെട്ട കുപ്രസിദ്ധ കവർച്ചാ സംഘത്തിന്റെ തലവനെ കണ്ടെത്താൻ ഹൊസ്ദുർഗ് പൊലീസ് അന്വേഷണം ഊർജ്ജിതമാക്കി. പോക്സോ കോടതി ജഡ്ജിയുടെ വീട്ടിലടക്കംക കവർച്ചയ്ക്ക് ശ്രമിച്ചത് ഇതേ സംഘമാണെന്നും സംശയിക്കുന്നു.

മുഹമ്മദ് ഷെരീഫ്

കാസർകോട് പൊലീസ് സ്റ്റേഷനുകളിലായി നിരവധി കവർച്ചാ കേസുകൾ നിലവിലുള്ളതായി പൊലീസ് പറഞ്ഞു. പ്രതിയെ വിശദമായി ചോദ്യം ചെയ്ത് അറസ്റ്റു രേഖപ്പെടുത്തുന്നതോടെ കൂടുതൽ കവർച്ചകൾക്കു തുമ്പുണ്ടായേക്കുമെന്ന പ്രതീക്ഷയിലാണ് അന്വേഷണം സംഘം. അതേ സമയം മുഹമ്മദ് ഷെരീഫ് ഉൾപ്പെട്ട കുപ്രസിദ്ധ കവർച്ചാ സംഘത്തിന്റെ തലവനെ കണ്ടെത്താൻ ഹൊസ്ദുർഗ് പൊലീസ് അന്വേഷണം ഊർജ്ജിതമാക്കി. പോക്സോ കോടതി ജഡ്ജിയുടെ വീട്ടിലടക്കംക കവർച്ചയ്ക്ക് ശ്രമിച്ചത് ഇതേ സംഘമാണെന്നും സംശയിക്കുന്നു.

ദേശീയപാത ആറുവരിയാക്കുന്നതിന്റെ ഭാഗമായി കാസർകോട്ട് ആരംഭിച്ച മണ്ണു പരിശോധന. നുള്ളിപ്പാടി മുതൽ കറന്തക്കാടു വരെ നിർമ്മിക്കുന്ന ഫ്ളൈ ഓവർ സ്ഥലത്താണ് മണ്ണു പരിശോധന ആരംഭിച്ചത്

കാസർകോട് പുലിമുട്ട്, തുറമുഖ വികസനം

കാസർകോട്: കാസർകോട് മത്സ്യബന്ധന തുറമുഖത്ത് പുലിമുട്ടിന്റെ അപാകത കൾ പരിഹരിക്കുന്നതിനും തുറമുഖ വികസനം പൂർത്തിയാക്കാനും 66 കോടി രൂപ കൂടി അനുവദിക്കുമെന്നു ഫിഷറീസ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. മഞ്ചേശ്വരം ഹാർബർ, മുസോഡി കടപ്പുറം, കാസർകോട് തുറമുഖം എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയ ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി.

കാസർകോട് ഉണ്ടായ തോണി അപകടത്തിൽ മരിച്ച മൂന്നു മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ഇടിമിന്നലേറ്റു മരിച്ച തൊഴിലാളി കുടുംബത്തിനും പ്രാഥമിക സഹായം നൽകിയിട്ടുണ്ട്. ഈ കുടുംബങ്ങൾക്ക് 10ലക്ഷം രൂപ വീതം സഹായം നൽകുമെന്ന് അദ്ദേഹം പറഞ്ഞു.

കടൽത്തീര സംരക്ഷണം ഉറപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു. മഞ്ചേശ്വരം തുറമുഖത്തിൽ നടക്കുന്ന നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കും. കടലാക്രമണം നേരിടുന്ന മത്സ്യതൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കും.രാജ്മോഹൻ ഉണ്ണിത്താൻ എം പി എം എൽ എ മാരായ എൻ എ നെല്ലിക്കുന്ന്, അഷ്റഫ്, സി എച്ച് കുഞ്ഞമ്പു, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ ജോമോൻ ജോർജ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ കുഞ്ഞി മമ്മു എന്നിവരും മറ്റു ജനപ്രതിനിധികളും മന്ത്രിയോടൊപ്പം ഉണ്ടായിരുന്നു.

66 കോടി രൂപ കൂടി അനുവദിക്കും: മന്ത്രി

കാസർകോട് നെല്ലിക്കുന്നിൽ മത്സ്യബന്ധനത്തിനിടെ മരിച്ച മത്സ്യതൊഴിലാളികളുടെ വീടുകൾ സന്ദർശിച്ച മന്ത്രി ചെറിയാൻ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുന്നു

ലോറി ഇടിച്ച് ഉപ്പള പാലത്തിന്റെ കൈവരി തകർന്ന നിലയിൽ

ലോറി ഇടിച്ച് ഉപ്പള പാലത്തിന്റെ കൈവരി തകർന്നു

മഞ്ചേശ്വരം: എതിരെ വന്ന വാഹനത്തിൽ ഇടിക്കാതിരിക്കാനുള്ള ശ്രമത്തിനിടയിൽ ലോറി ഇടിച്ച് ഉപ്പള പാലത്തിന്റെ കൈവരി തകർന്നു. ഇന്നു രാവിലെയാണ് സംഭവം. തമിഴ്നാട്, സേലത്തു നിന്നു ടാറുമായി മംഗ്ളൂരു ഭാഗത്തേയ്ക്കു പോവുകയായിരുന്നു ലോറിയാണ് അപകടത്തിൽപ്പെട്ടത്. അപകടത്തിൽ ഡ്രൈവർ തമിഴ്നാട്, നാലൂരിലെ ത്യാഗരാജ (48)നു നിസാര പരിക്കേറ്റു.

200 കിലോ കഞ്ചാവ് പിടികൂടി

തൃശ്ശൂർ: ലോറിയിലും കാറിലും കടത്തുകയായിരുന്ന 200 കിലോ കഞ്ചാവ് പിടികൂടി. അഞ്ചുപേർ കസ്റ്റഡിയിൽ. വിശാഖപ്പട്ടണത്തു നിന്നു കടത്തികൊണ്ടുവന്ന കഞ്ചാവാണ് പിടിയിലായത്. കൊരട്ടി പൊലീസും ലഹരി വിരുദ്ധ സ്ക്വാഡും സംയുക്തമായി നടത്തിയ പരിശോധനയിലാണ് സംഘം പിടിയിലായത്. അറസ്റ്റിലായവരെ ചോദ്യം ചെയ്തു വരുന്നു.

യുവാവിനെ കാണാതായി

കാഞ്ഞങ്ങാട്: ബന്ധുവീട്ടിലേക്ക് പോയ യുവാവിനെ കാണാതായതായി പരാതി. കുന്നുംകൈ, പരപ്പച്ചാൽ പാലന്തടത്തെ ദീലീപി(39)നെയാണ് കാണാതായത്. കഴിഞ്ഞ ജനുവരി പത്തിനു ബന്ധുവീട്ടിലേക്കാണെന്നു പറഞ്ഞാണ് വീട്ടിൽ നിന്നു ഇറങ്ങിയത്. ഫോൺ സ്വിച്ച് ഓഫ് ചെയ്ത നിലയിലാണ്. ബന്ധുക്കൾ ഹൊസ്ദുർഗ്ഗ് പൊലീസിൽ പരാതി നൽകി.

ഉദുമ മുക്കുപണ്ട തട്ടിപ്പ്

മുഖ്യപ്രതി അറസ്റ്റിൽ; വീട്ടിൽ നിന്നും ഒന്നര കിലോ മുക്കുപണ്ടം കണ്ടെടുത്തു

ഉദുമ: ഇന്ത്യൻ ഓവർസീസ് ബാങ്ക് ഉദുമ ശാഖയിൽ മുക്കുപണ്ടങ്ങൾ പണയപ്പെടുത്തി. രണ്ടേ മുക്കാൽ കോടി രൂപ തട്ടിയെടുത്ത സംഭവത്തിൽ മുഖ്യപ്രതി അറസ്റ്റിൽ. ഉദുമ, കളനാട്, സുഹൈബ് വില്ലയിലെ കെ എം മുഹമ്മദ് സുഹൈലിനെയാ(32)ണ് ബേക്കൽ പൊലീസ് അറസ്റ്റു ചെയ്തത്. ഇയാളുടെ വീട്ടിൽ ഡി വൈ എസ് പി സി കെ സുനിൽകുമാർ, ഇൻസ്പെക്ടർ പി രാജേഷ് എസ് ഐ രമേശൻ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ ഒന്നര കിലോയോളം മുക്കുപണ്ടങ്ങൾ കണ്ടെടുത്തു. ചെമ്പിനു മുകളിൽ ഒരു ഗ്രാം സ്വർണ്ണം പൂശിയ 'തിരൂർ പൊന്നാണ്' കസ്റ്റഡിയിലെടുത്തത്. ഇവ പരിശോധിച്ചു വരികയാണ്.

മുഹമ്മദ് സുഹൈലിന്റെ വീട്ടിൽ പൊലീസ് പരിശോധന നടത്തുന്നു. കട്ടിലിൽ ഇരിക്കുന്നത് സുഹൈൽ.

സ്വർണ്ണാഭരണങ്ങൾ പണയം വെയ്ക്കുമ്പോൾ മാലയുടെ കൊളുത്താണ് സാധാരണ നിലയിൽ ഉരച്ചു നോക്കി സ്വർണ്ണമാണെന്നു ഉറപ്പിക്കുന്നത്. ഇത് മനസ്സിലാക്കിയ തട്ടിപ്പ് സംഘം മാലകളുടെ കൊളുത്ത് സ്വർണ്ണത്തിലാണ് നിർമ്മിച്ചിരുന്നത്.

മുഹമ്മദ് സുഹൈലിനെ കൂടാതെ റുഷൈദ്, അബ്ദുൽ റഹീം, എം അനീസ്, മുഹമ്മദ് ഷമാൽ, മുഹമ്മദ് സിയാദ്, മുഹസിൻ ജഷീദ്, മുഹമ്മദ് ഷഹമത്ത്, മുഹമ്മദ് ജാവിദ്, മുഹമ്മദ് സഹാൻ, മുഹമ്മദ് ഹാഷിം, ഹരാസുള്ള എന്നിവരും പ്രതികളാണ്. ഇവരെ കണ്ടെത്തുന്നതിനുള്ള അന്വേഷണം ഊർജ്ജിതമാക്കിയതായി പൊലീസ് പറഞ്ഞു.

ജോലിക്കിടെ കെട്ടിടത്തിൽ നിന്നു വീണ് വടംവലിതാരം മരിച്ചു

ഉദുമ: ഇരുനില കെട്ടിടത്തിലെ വയറിംഗ് ജോലിക്കിടെ താഴേയ്ക്ക് വീണ് ഗുരുതരമായി പരിക്കേറ്റ ജില്ലാ വടംവലിതാരം മരിച്ചു. ഉദുമ, ആറാട്ടുകടവ്, വെടിത്തറക്കാലിലെ കുമാരൻ-പുഷ്പ ദമ്പതികളുടെ മകൻ സഞ്ജു (32)വാണ് ഇന്നുച്ചയോടെ മംഗ്ളൂരുവിലെ സ്വകാര്യ ആശുപത്രിയിൽ മരിച്ചത്.

ഇന്നലെ പാലക്കുന്ന്, കണിയാടിയിലാണ് അപകടം ഉണ്ടായത്. ഉദുമ ടൗൺ കമ്പവലി ടീം അംഗമാണ്. ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ കോട്ടയത്തു നടന്ന സംസ്ഥാന കമ്പവലി മത്സരത്തിൽ ജില്ലയെ പ്രതിനിധികരിച്ച് പങ്കെടുത്തു രണ്ടാം സ്ഥാനം നേടിയിരുന്നു. ഭാര്യ: സുമി. സഹോദരങ്ങൾ: ശ്രീജിത്ത്, ശരത്, സുജിത്.

മഞ്ചേശ്വരം തെരഞ്ഞെടുപ്പ് കേസ്; യുവമോർച്ച മുൻ നേതാവിന് ക്രൈംബ്രാഞ്ച് നോട്ടീസ്

കാസർകോട്: ബി ജെ പി സംസ്ഥാന പ്രസിഡന്റ് കെ സുരേന്ദ്രനെതിരായ മഞ്ചേശ്വരം തെരഞ്ഞെടുപ്പ് കേസിൽ മൊഴിയെടുക്കുന്നതിനായി യുവമോർച്ചാ മുൻ നേതാവിന് ക്രൈംബ്രാഞ്ച് നോട്ടീസ് അയച്ചു. യുവമോർച്ച മുൻ സംസ്ഥാന ട്രഷറർ സുനിൽ നായകിനാണ് ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ എസ് പി എ സതീഷ്കുമാർ നോട്ടീസ് അയച്ചത്. 27ന് രാവിലെ 10ന് ക്രൈംബ്രാഞ്ച് ഓഫീസിൽ ഹാജരാകണമെന്നാണ് നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുള്ളത്.കേസുമായി ബന്ധപ്പെട്ട് നേരത്തെ ബി ജെ പി മണ്ഡലം സെക്രട്ടറി, പ്രസിഡന്റ് എന്നിവരിൽ നിന്ന് മൊഴിയെടുത്തിരുന്നു. ഇതിന്റെ തുടർച്ചയായിട്ടാണ് സുനിൽ നായികിനും നോട്ടീസയച്ചത്. ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മഞ്ചേശ്വരം മണ്ഡലത്തിൽ ബി എസ് പി സ്ഥാനാർത്ഥിയായി പത്രിക നൽകിയിരുന്ന സുന്ദരയെ പണം നൽകി സ്വാധീനിച്ചുവെന്നാണ് കേസ്. ഇടതു മുന്നണി സ്ഥാനാർത്ഥിയായി മത്സരിച്ച വി വി രമേശൻ നൽകിയ പരാതി പ്രകാരമാണ് പൊലീസ് കേസെടുത്തത്.

കെ എസ് ആർ ടി സി ബസ്സ്റ്റാന്റിലെ ശൗചാലയം അടച്ചിട്ടു; യാത്രക്കാരും ജീവനക്കാരും ദുരിതത്തിൽ

കാസർകോട്: കെ എസ് ആർ ടി സി ബസ്സ്റ്റാന്റിലെ ശൗചാലയം അടച്ചിട്ടു. യാത്രക്കാരും ജീവനക്കാരും ദുരിതത്തിൽ.

കക്കൂസ് ടാങ്ക് നിറഞ്ഞു കഴിഞ്ഞതിനാൽ മലിനജലം പുറത്തേക്ക് ഒഴുകി റോഡിലെത്തി തളം കെട്ടിക്കിടക്കുകയാണ്. ഇത് സംബന്ധിച്ച് *കാരവൽ* സചിത്ര വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. ടോയ്ലറ്റിൽ നിന്നു ടാങ്കിലേയ്ക്കുള്ള പൈപ്പിലെ തടസ്സവും മലിനജലം പുറത്തേക്കൊഴുകി അടഞ്ഞതും മലിനജലം പുറത്തേക്ക് ഒഴുകുന്നതിനു കാരണമായി. പൈപ്പിലെ തടസ്സവും ടാങ്കിലെ മാലിന്യങ്ങളും നീക്കിയാലേ ടോയ്ലറ്റ് ഉപയോഗിക്കാൻ കഴിയൂ. ഇതിനുള്ള നടപടി നഗരസഭയുടെ ഭാഗത്തു നിന്നു ഉണ്ടായില്ലത്രെ. ഇതേ തുടർന്നാണ് കക്കൂസ് അടച്ചിട്ടത്. ഇതുമൂലം ബസ് സ്റ്റാന്റിലെത്തുന്ന നൂറുകണക്കിനു യാത്രക്കാരും ജീവനക്കാരും ദുരിതമനുഭവിക്കുകയാണ്.

കെ എസ് ആർ ടി സി ബസ്സ്റ്റാന്റ് ശൗചാലയം അടച്ചിട്ട നിലയിൽ

അന്തുക്ക

ചേരിപ്പോരിനിടെ ഐ എൻ എൽ നിർണ്ണായക പ്രവർത്തക സമിതിയും സെക്രട്ടറിയേറ്റും നാളെ

കാസർകോട്: പാർട്ടിയിൽ തുടരുന്ന രൂക്ഷമായ ചേരിപ്പോരിനിടെ നാഷണൽ ലീഗ് സംസ്ഥാന പ്രവർത്തക സമിതിയും സെക്രട്ടറിയേറ്റും നാളെ ചേരുംഎറണാകുളം മഹാരാജാസ് കോളേജിന് സമീപത്തുള്ള എസ് എ എസ് ഹോട്ടലിൽ രാവിലെ 9ന് സെക്രട്ടറിയേറ്റും 11ന് പ്രവർത്തക സമിതിയുമാണ് ചേരുക. പാർട്ടി പ്രസിഡന്റും, ജനറൽ സെക്രട്ടറിയും തമ്മിൽ നിലനിൽക്കുന്ന രൂക്ഷമായ ഭിന്നത ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇരുയോഗങ്ങളിലും ചർച്ചയാകുമെന്നാണ് സൂചന. പ്രവർത്തക സമിതിയിലെ 65 അംഗങ്ങളും, സെക്രട്ടറിയേറ്റിലെ 20 അംഗങ്ങളും പങ്കെടുക്കുന്ന യോഗങ്ങൾ പാർട്ടി അണികളും, രാഷ്ട്രീയ കേന്ദ്രങ്ങളും ഏറെ പ്രാധാന്യത്തോടെയാണ് നിരീക്ഷിക്കുന്നത്കാസർകോട്ടു നിന്നുള്ള പ്രവർത്തക സമിതി അംഗങ്ങളായ എം എ ലത്തീഫ്, മൊയ്തീൻ കുഞ്ഞി കളനാട്, അസീസ് കടപ്പുറം, സി എം എ ജലീൽ, ഹസീന ടീച്ചർ, മുഹാദ് തുടങ്ങിയവരുൾപ്പെടെയുള്ളവർ യോഗത്തിൽ പങ്കെടുക്കും. എം എ ലത്തീഫും, കെ എസ് ഫക്രുദ്ദീനുമാണ് ജില്ലയിൽ നിന്നുള്ള സെക്രട്ടറിയേറ്റംഗങ്ങൾ. പി എസ് സി കാട്ട വിവാദമടക്കമുള്ള ആരോപണങ്ങൾക്ക് വിധേയമായതിന് ശേഷം ചേരുന്ന ആദ്യത്തെ പ്രവർത്തക സമിതിയും, സെക്രട്ടറിയേറ്റുമായതിനാൽ പാർട്ടിയുടെ നിർണ്ണായകമായ യോഗമാണിത്. കോഴ വിവാദത്തിൽ ഐ എൻ എൽ സംസ്ഥാന പ്രസിഡന്റ് എ പി അബ്ദുൾ വഹാബിനെയും ജനറൽ സെക്രട്ടറി കാസിം ഇരിക്കൂറിനെയും ഇടത് നേതാക്കൾ തിരുവനന്തപുരത്തേക്ക് വിളിച്ചു ശാസിച്ചിരുന്നു. ഇതിനിടെയാണ് പാർട്ടിയിൽ ചേരിപ്പോര് ശക്തമായത്. സെക്രട്ടറിയേറ്റും, പ്രവർത്തക സമിതയും ചേരുന്നതിനെ ചൊല്ലിയായിരുന്നു പ്രസിഡന്റും, ജനറൽ സെക്രട്ടറിയും തമ്മിൽ തർക്കം ഉടലെടുത്തിരുന്നത്. അതിനിടെ പാർട്ടിയിൽ പ്രശ്നങ്ങളൊന്നുമില്ലെന്നും അടുത്തമാസം ആരംഭിക്കാനിരിക്കുന്ന മെമ്പർഷിപ്പ് വിതരണത്തിന്റെ റിട്ടേണിംഗ് ഓഫീസർമാരെ തെരഞ്ഞെടുക്കുന്നതിനും, പാർട്ടി ശക്തിപ്പെടുത്തുന്നതിനെ കുറിച്ചും ആലോചിച്ച് തീരുമാനമെടുക്കുന്നതിനാണ് യോഗങ്ങൾ ചേരുന്നതെന്ന് ഐ എൻ എൽ കേന്ദ്രങ്ങൾ പറഞ്ഞു. സംസ്ഥാനത്തെ 14 ജില്ലകളിലെയും റിട്ടേണിംഗ് ഓഫീസർമാരെ തെരഞ്ഞെടുക്കേണ്ടതുണ്ടെന്നും അറിയിച്ചു. നേതാക്കൾ ഒറ്റക്കെട്ടാണെന്നും ഭിന്നതകൾ ഉണ്ടെന്ന പ്രചരണം കെട്ടിച്ചമച്ചതാണെന്നും ഐ എൻ എൽ പറയുന്നുഅതേസമയം പാർട്ടിയിൽ നടക്കുന്ന ചർച്ചകൾ രഹസ്യമായി മാധ്യമങ്ങൾക്ക് ചോർത്തി കൊടുക്കുന്നവരെ കണ്ടെത്താൻ ശ്രമം നടത്തും. വിവരങ്ങൾ ചോർത്തുന്നവർ എത്ര ഉന്നതരായാലും അവർക്കെതിരെ കടുത്ത നടപടി ഉണ്ടാകുമെന്നും പാർട്ടി കേന്ദ്രങ്ങൾ പറയുന്നു. അതിനിടെ പാർട്ടി അഖിലേന്ത്യാ ജനറൽ സെക്രട്ടറി കൂടിയായ മന്ത്രി അഹ്മ്മദ് ദേവർക്കോവിലിനെ സംസ്ഥാന ആസൂത്രണ സമിതി അംഗമായി നിയമിച്ച സർക്കാർ നടപടി ഐ എൻ എലിൽ സന്തോഷമുളവാക്കിയിട്ടുണ്ട്.